# നിങ്ങളുടെ പ്രത്യേക ശുശ്രുഷയിൽ ഉറച്ചു നിൽക്കുക.

സാക് പുന്നൻ

WFTW 15 ഡിസംബർ 2013

യെഹെസ്കേൽ രണ്ടാം അദ്ധ്യായത്തിൽ പൂർണ്ണമായി ദൈവത്തിന്റെ അധികാരത്തിന് കീഴിലുള്ള ഒരു മനുഷ്യനെ നാം കാണുന്നു. കർത്താവ് അവനോടു പറഞ്ഞു 'നിവർന്നു നിൽക്കുക, ഞാൻ നിന്നോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു'.ദൈവം സംസാരിച്ചപ്പോൾ ആത്മാവ് യെഹെസ്കേലിൽ വന്നു അവനെ നിവർന്നു നിൽക്കുമാറാക്കി. കർത്താവ് പറഞ്ഞു ' ശ്രദ്ധിച്ചു കേൾക്കുക ഞാൻ നിന്നെ യിസ്രായേൽ മക്കളുടെ അടുക്കൽ അയയ്ക്കുന്നു'.

നാം ദൈവത്തിനായി കാത്തിരിക്കുന്പോൾ യെഹെസ്കേൽ കേട്ടതു പോലെ ശ്രവണ സാധ്യമായ ഒരു ശബ്ദം നമ്മൾ കേട്ടില്ലെങ്കിലും യെഹെസ്കേലിനുണ്ടായതുപോലെ യഥാർത്ഥവും സുനിശ്ചിതവുമായ ഒരു വിളിയുടെ ബോധവും ദൈവം നമ്മെ അയക്കുന്നതിന്റെ ഒരു ബോധവും ഉണ്ടാകുവാനുള്ള സാധ്യത ഉണ്ട്. അതിനു സമയം എടുത്തേക്കാം.

ഞാൻ എന്റെ ശുശ്രുഷ ആരംഭിച്ചപ്പോൾ, എന്റെ ശുശ്രുഷ എന്തായി തീരും എന്ന് ഉടനെ ഞാൻ അറിഞ്ഞില്ല. എന്നാൽ വർഷങ്ങൾ കടന്നു പോയപ്പോൾ, അതെന്തായിരുന്നു എന്നു ഞാൻ കണ്ടുപിടിക്കാൻ തുടങ്ങി. ഇപ്പോൾ ഞാൻ തിരിഞ്ഞു നോക്കുന്പോൾ, സഫലീകരണം ഞാൻ കാണുന്നു. എന്നാൽ ദൈവം എന്നെ ഏതിലേക്ക് വിളിച്ചോ ആ ശുശ്രുഷയിൽ നിന്ന് ദൂരേക്ക് വലിച്ചു മാറ്റുവാൻ ശ്രമിച്ച അനേകം ആളുകളെ എനിക്കറിയാം. കർത്താവു പറയുന്നു 'ഞാൻ നിന്നെ ഒരു പ്രത്യേക ശുശ്രുഷയുമായി അയയ്ക്കുന്നു'. നിങ്ങൾ ദൈവത്തിനായി കാത്തിരിക്കാനും, ദൈവം നിന്നോട് സംസാരിക്കുന്നത് എന്താണെന്ന് കേൾക്കാനും പഠിക്കുന്നത് വളരെ പ്രധാനപെട്ടതാണ്.ചിലപ്പോൾ നിങ്ങൾ ദൈവത്തിന്റെ രണ്ടാമത്തെ നല്ലതായിരിക്കാം തിരഞ്ഞെടുക്കുന്നത്.

ഞാൻ ഓർക്കുന്നു, ഏതാണ്ട് 30 വർഷം മുന്പ് , ഞാൻ വളരെ സാന്പത്തിക ബുദ്ധിമുട്ടിൽ ആയിരുന്നപ്പോൾ ആ സമയത്ത് എനിക്ക് അധികം ഒന്നും ഉണ്ടായിരുന്നില്ല ഒരു ക്രിസ്തീയ സംഘടന എന്നെ അതിന്റെ ഡയറക്ടർ ആയിരിക്കാൻ ക്ഷണിക്കുകയും, ഞാൻ അവരുടെ ദാനം സ്വീകരിക്കുകയാണെങ്കിൽ, എനിക്ക് ഒരു നല്ല ശന്പളം, സൗജന്യമായി ഒരു കാർ, സൗജന്യ ടെലിഫോൺ, സൗജന്യ വീട് മുതലായവ വാഗ്ദാനം ചെയ്യുകയും ചെയ്തു. അത് ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു പാശ്ചാത്യ സംഘടനയായിരുന്നു. ഞാൻ പറഞ്ഞു 'ഇല്ല, എനിക്കതു ചെയ്യാൻ കഴിയില്ല, കാരണം ഞാൻ ആവശ്യത്തിലാണെങ്കിലും, ഒരു ഡെസ്കിനു പിറകിൽ ഇരുന്ന് ഒരു കാര്യനിർവാഹകനാകാൻ ദൈവം എന്നെ വിളിച്ചിട്ടില്ല. ദൈവം എന്നെ വിളിച്ചിരിക്കുന്നത് ചുറ്റിസഞ്ചരിച്ച് വചനം പ്രസംഗിക്കുന്നതിനാണ്'. അവരുടെ വാഗ്ദാനം ഞാൻ സ്വീകരിക്കാഞ്ഞതിൽ ഞാൻ നന്ദിയുള്ളവനാണ്. അതൊരു പ്രലോഭനമായിരുന്നു പാപം ചെയ്യാനുള്ള ഒരു പ്രലോഭനം അല്ല എന്നാൽ ദൈവം എന്നെ വിളിച്ചിട്ടില്ലാത്ത ചിലത് തിരഞ്ഞെടുക്കുവാനുള്ള പ്രലോഭനം. ഇപ്പോൾ ഞാൻ തിരിഞ്ഞു നോക്കുന്പോൾ, അവരുടെ വാഗ്ദാനം ഞാൻ സ്വീകരിച്ചിരുന്നെങ്കിൽ ഞാൻ പാപം ചെയ്യുകയില്ലായിരുന്നു. ഇപ്പോഴും ഞാൻ ദൈവത്തെ സേവിക്കുകയായിരുന്നിരിക്കാം, എന്നാൽ ദൈവം എനിക്കുവേണ്ടി ഉദ്ദേശിച്ച ശുശ്രൂഷയായിരുന്നിരിക്കുകയില്ല.

നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നത് ദൈവം നിങ്ങൾക്കുവേണ്ടി ഒരു പ്രത്യേകവേല കരുതിയിട്ടുണ്ട് എന്നാണ്. ഈ സത്യം നിങ്ങൾ യുവാവായിരിക്കുന്പോൾ മനസ്സിലാക്കിയാൽ വളരെ അതിശയകരമാണ്. കർത്താവിനായി കാത്തിരിക്കുക എന്നിട്ട് പറയുക ' കർത്താവെ, എനിക്കുവേണ്ടിയുള്ള അവിടുത്തെ തികവുള്ള പദ്ധതി എന്നെ കാണിക്കേണമെ'. ഒരു ദിവസം കൊണ്ട് അതു വ്യക്തമാവുകയില്ല . എന്നാൽ വർഷങ്ങളുടെ കാലയളവിനുള്ളിൽ അതു കൂടുതൽ കൂടുതൽ വ്യക്തമായി വരും. അത് നിങ്ങൾക്ക് വ്യക്തമായി കഴിയുന്പോൾ എന്തു വില കൊടുത്തും അതിൽ തന്നെ ഉറച്ചു നിൽക്കുക ഒരുനാൾ നീ ദൈവത്തിന്റെ മുന്പിൽ നിൽക്കുന്പോൾ നിനക്കു ദുഖിക്കേണ്ടിവരില്ല.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)